CHILDREN ACT

*916. [32] **Sri. K. A. Mathew:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether there is a Children Act in existence in the State;

(*b*) if so, the reasons for not implementing the provisions of that Act; and

(*c*) have the Government any idea as to the number of destitute and delinquent children in the State?

Sri. T. K. Narayana Pillai: (*a*) Yes. The Cochin Children Act, and the Rules thereunder; Travancore Act, and the Rules thereuuder.

(*b*) The provisions of the Children Act have been implemented.

(*c*) No. There are 19 Juvenile offenders at present housed in the Trivandrum Certified School who are sentenced by the Courts.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: തിരുവിതാംകൂറിൽ എത്ര സർട്ടിഫൈഡ് സ്കൂളുകൾ ഉണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഒരെണ്ണമുണ്ട്.

ശ്രീ. എ. കെ. ജോർജ്: അവിടെ പഠിപ്പിക്കുന്നതു് വല്ല പ്രത്യേകപരിശീലനവും സിദ്ധിച്ച വരാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: പ്രത്യേക പരിശീലനമൊന്നും സിദ്ധിച്ചിട്ടുള്ള ആളല്ല.

ശ്രീ. എ. കെ. ജോർജ്: തൃശ്ശൂരിലെ ജയിൽസൂപ്രണ്ട് ആയിരിക്കുന്ന ആൾ അമേരിക്കയിൽപോയി ഈവക കാര്യങ്ങൾക്ക് പ്രത്യേകം പരിശീലനം നടത്തി സർട്ടിഫിക്കറ്റ് സമ്പാദിച്ച ആളാണെന്നറിയാമൊ?

ശ്രീ. ടി. കെ നാരായണപിള്ള: ഇപ്പോൾ മെമ്പർ പറഞ്ഞതുകൊണ്ടറിയാം.

ചെക്കിംഗ് സ്റ്റേഷനിൽ പിരിവ്

*൯൫൭. (൯൯) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

ആലുവായിലും, പെരുമ്പാവൂരും ഉള്ള മോട്ടോർ ചെക്കിംഗ് സ്റ്റേഷനുകളിൽ സാമാനം നിറച്ച ലോറി ഒന്നിനു് എട്ടണ വീതം കൊടുക്കണമെന്ന വല്ല നിബന്ധനയുമുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: യാതൊരു നിബന്ധനയുമില്ല.

ശ്രീ. എ. വി. ജോസഫ്: ലോറി ഒന്നിനു് വൃണ. വീതം വാങ്ങിച്ചുകൊണ്ടിരിക്കുന്നു എന്നുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്. അങ്ങനെ യാതൊരു അറിവും എനിക്കു കിട്ടിയിട്ടില്ല.

ശ്രീ. പി. കെ. ഡീവർ: ഈവക കാര്യത്തെക്കുറിച്ചു് രേഖാമൂലമായ വല്ല പരാതികളും ഗവണ്മെണ്ടിലേക്കു സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ഇല്ല.

Written Answers

എഫ്. എ. സി. ടി. കമ്പനി

*൯൫൮. (൯൭) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) എഫ്. എ. സി. ടി. കമ്പനി ഇപ്പോൾ ലാഭത്തിലാണൊ പ്രവർത്തനം നടത്തുന്നതു്?

(ബി) ലാഭത്തിലാണെങ്കിൽ ഇതുവരെ എത്ര ആദായം ഉണ്ടായിട്ടുണ്ടു്?

(സി) അതിൽ ഗവണ്മെണ്ടിനു വല്ല തുകയും ലഭിച്ചിട്ടുണ്ടോ?

(ഡി) ഉണ്ടെങ്കിൽ എത്ര?

ശ്രീ. എൻ. കുഞ്ഞുരാമൻ: (എ) അതെ.

(ബി) ൧൯൫൫-൫൬ൽ അവസാനിക്കുന്ന വർഷത്തിൽ ഏകദേശം 9 ലക്ഷം രൂപാ.

LIBRARY ARCHIVES Kerala Legislative Assembly